LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) സർവ്വീസ് സഹകരണ ബാങ്കുകളിൽ ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റന്റ്സ്, ഓഫീസ് കം ബിൽഡിംഗ് ആന്റ് ഗോഡൗൺ നിർമ്മാണവും നിപ്പയും, കമ്പ്യൂട്ടറൈസേഷൻ, ജനറേറ്റർ, കൗണ്ടിംഗ് മെഷീൻ, സ്ട്രോംഗ് റൂം, സേഫ് എന്നിവ സ്ഥാപിക്കുക, പ്രൈമറി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സംഘങ്ങളുടെയും, എസ്.സി./എസ്.റ്റി. സംഘങ്ങളുടെയും ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റൻസ്, ഗോഡൗൺ നിർമ്മാണം, കമ്പ്യൂട്ടറൈസേഷൻ, കൺസ്യൂമർ സംഘങ്ങൾ, പ്രിന്റിംഗ് പ്രസ്സ്, ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പ്രിയദർശിനി ടീ പ്ലാന്റേഷൻ എന്നീ സംഘങ്ങളുടെ ആധുനികമായ സമഗ്ര വികസനത്തിനായും വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റൻസ്, കമ്പ്യൂട്ടറൈസേഷൻ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി 828 ലക്ഷം രൂപയുടെ പദ്ധതി നടത്തിപ്പ് ഉണ്ടായിട്ടുണ്ട്.

(സി) വൈത്തിരി	-	322.57 ലക്ഷം രൂപ
സുൽത്താൻബത്തേരി	-	187.84 "
മാനന്തവാടി	-	317.49 "

മൊബൈൽ ത്രിവേണികൾ

102 (442) ശ്രീമതി പി. കെ. ജയലക്ഷ്മി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മൊബൈൽ ത്രിവേണികൾ സർവ്വീസ് നടത്തിയിരുന്നു ;

(ബി) നിലവിൽ എത്ര മൊബൈൽ ത്രിവേണികൾവഴി സാധനവിതരണം നടത്തുന്നു ;

(സി) മൊബൈൽ ത്രിവേണികളിലെ പ്രതിദിന ശരാശരി വിറ്റുവരവ് എത്ര രൂപയാണ് ?

ഉത്തരം

(എ) സംസ്ഥാനത്ത് 142 മൊബൈൽ ത്രിവേണികളാണ് സർവ്വീസ് നടത്തിയിരുന്നത്.

(ബി) നിലവിൽ 121 മൊബൈൽ ത്രിവേണികൾ വഴിയാണ് സാധനങ്ങൾ വിതരണം നടത്തുന്നത്.

(സി) മൊബൈൽ ത്രിവേണികളുടെ പ്രതിദിന ശരാശരി വിറ്റുവരവ് 12,500- രൂപയാണ്.

പ്രാഥമിക സംഘങ്ങളിലെ റിസ്ക് ഫണ്ട്, വെൽഫെയർ ഫണ്ട് പെൻഷൻ വിഹിതങ്ങൾ എന്നിവയുടെ നിക്ഷേപം

103 (443) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളിൽ നിന്നും വാങ്ങുന്ന റിസ്ക് ഫണ്ട് വിഹിതം, ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന വെൽഫെയർ ഫണ്ട് വിഹിതം, പെൻഷൻ വിഹിതം മുതലായവ യഥാസമയം ജില്ലാ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിക്ഷേപിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതികളും ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലായവ യഥാസമയം അടയ്ക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ ; ഇത് പരിഹരിക്കുവാൻ ഒരു പൊതു നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘം ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നൽകുവാനുള്ള ബാധ്യത ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് തന്നെയാണുള്ളത്. ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക,

LIBRARY ARCHIVES Kerala Legislative Assembly